**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3155** **11-03-2025 - ൽ മറുപടിയ്ക്ക്**

**പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി വിവിധ ജനവിഭാഗങ്ങൾക്ക് എപ്രകാരം പ്രയോജനകരമായെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള റസ്റ്റ് ഹൗസുകൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി. പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി മൂലം പൊതുജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ മെച്ചപ്പെട്ട സൗകര്യത്തോട് കൂടിയും സുരക്ഷയോട് കൂടിയും വിവധ സ്ഥലങ്ങളിൽ റൂമുകൾ ലഭ്യമാക്കാൻ സാധിച്ചു. പൊതുജനങ്ങൾക്ക് റൂമുകൾ നേരിട്ട് ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമായി. |
| (ബി) | ഈ പദ്ധതി ആരംഭിച്ചശേഷം വടകര റെസ്റ്റ് ഹൗസിൽ എത്ര ബുക്കിംഗുകൾ നടന്നിട്ടുണ്ടെന്നും ഇതിലൂടെ സർക്കാരിന് എത്ര വരുമാനം ഉണ്ടായെന്നും അറിയിക്കാമോ; | (ബി) | ഈ പദ്ധതി ആരംഭിച്ചതിനു ശേഷം വടകര റസ്റ്റ് ഹൗസിൽ 3526 ബുക്കിംഗുകളുണ്ടായിരുന്നു. ഇതിലൂടെ സർക്കാരിന് 23,70,128/- രൂപ 01/11/2021 മുതൽ 03/03/2025 വരെ വരുമാനം ലഭിച്ചു. |
| (സി) | ഈ പദ്ധതി ആരംഭിച്ചശേഷം വടകര റെസ്റ്റ് ഹൗസിൽ നടത്തിയതും നടന്നുവരുന്നതുമായ പുനരുദ്ധാരണ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തികളുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ? | (സി) | പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി നിലവിൽ വന്നതിനു ശേഷം വടകര റസ്റ്റ് ഹൗസിൽ നടത്തിയതും നടന്നു വരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. Up gradation work providing AC, Ceiling works, conference hall and repairs of old block -16.8 L -Completed<br><br>2.Toilet Renovation- Providing flooring and Sanitary fittings -15.10 L-Completed<br><br>3.Renovation of floor tile polishing existing marble flooring patch repairs painting -20.00 L -Ongoing |

സെക്ഷൻ ഓഫീസർ